# “ARE YOUR WALLS EVER BEFORE ME”

## ( ISAIAH :49:16)

## നിന്റെ മതിലുകൾ എന്റെ മുമ്പിലോ?

ഭൗമീക സുരക്ഷ ആഗ്രഹിക്കുന്ന മനുഷ്യർ അവരവരുടെ ഭൂമിയുടെ ചുറ്റും മതിലുകൾ കെട്ടാറുണ്ട്, പക്ഷെ ഈ മതിലുകൾ വീടിന്റെ ഭംഗി കാണത്തക്കവണ്ണം ഉയരം കുറച്ച് പണിയുന്നതിനാൽ പലപ്പോഴും ആധുനീക സജ്ജീകരണങ്ങളെപ്പോലും അവഗണിച്ച് ദുഷ്ടൻ അകത്ത് കയറുന്നു. എന്നാൽ ദൈവമുമ്പാകെ പണിയുന്ന മതിലുകൾ ഭൗമീക മതിലുകളേക്കാളും വ്യത്യസ്തമാണ്. യെശ:(49:15,16) വാക്യങ്ങളിൽ രണ്ട് വാഗ്ദത്തങ്ങൾ ലഭിക്കുന്നത് ആർക്കായിരിക്കും എന്ന് വ്യക്തമാക്കുന്നു. ദൈവീക പട്ടണത്തിൽ താമസിക്കുന്ന ദൈവപൈതൽ പണിയുന്ന മതിലിന് കല്ലോ, മണ്ണോ, സിമന്റോ ഒന്നും ആവശ്യമില്ല, ഉയരം കുടുന്തോറും പണിയുന്ന ആൾക്ക് സന്തോഷവും സമാധാനവും സുരക്ഷതത്വവും ലഭ്യമാകുന്നു.

ദൈവവചനത്തിലെ ചില ഉദാഹരണങ്ങളിൽ നിന്ന് ഈ മതിലുകളെപ്പറ്റി ചിന്തിക്കാമെന്ന് കരുതുന്നു, അപ്പോഃ പ്ര :(10:4) ൽ, കൊർന്നല്യോസേ എന്ന് ദൂതൻ പേർ വിളിച്ച് സംസാരിക്കുന്ന ഒരു ദർശനം വിവരിക്കുന്നു. “ നിന്റെ പ്രാർത്ഥനയും, ധർമ്മവും ദൈവമുമ്പാകെ എത്തിയിരിക്കുന്നു”, എന്ന് കാണുന്നു, ഓർക്കുക----- ഭൂമിയിൽ നിങ്ങൾ കെട്ടുന്നത് സ്വർഗ്ഗത്തിൽ കെട്ടിയിരിക്കും, എന്നാൽ ഭൂമിയിൽ അഴിക്കുന്നത് സ്വർഗ്ഗത്തിലും അഴിഞ്ഞിരിക്കും എന്നുള്ളത്. ഭൂമിയിൽ കൊർന്നല്യോസ് പണിതുയർത്തിയ മതിലുകൾ പ്രാർത്ഥനയുടേയും, ധർമ്മത്തിന്റേതുമാണ്. അത് സ്വർഗ്ഗീയ സമക്ഷം എത്തിക്കഴിഞ്ഞു. ഈ മതിലു പണിയ്ക്ക് പ്രത്യേകതയുണ്ട്, (അപ്പോ : പ്രഃ 10:2).

ദൈവത്തെ ഭയപ്പെട്ടിരുന്ന, സകല ഗൃഹത്തോടും കൂടെ ദൈവത്തോട് പ്രാർത്ഥിച്ചവനും ജനത്തിന് വളരെ ധർമ്മം നൽകിയവനുമായ വ്യക്തി ആയിരുന്നു കൊർന്നല്യോസ്. അതായത് ദൈവനാമത്തിൽ പണം, ആരോഗ്യം, സമയം മുതലായവ ചില വഴിക്കുമ്പോൾ, **കൊടുക്കുമ്പോൾ ഉയരുന്ന മതിൽ ഉയർന്നു കൊണ്ടേ ഇരിക്കും.** ഈ ചെറിയവരിൽ ഒരുവന് ചെയ്യുന്നത് എനിക്ക് ചെയ്യുന്നു എന്ന് വചനം വ്യക്തമാക്കുന്നു. എപ്പോഴും പ്രാർത്ഥിക്കുന്നവന്റെ മതിൽ ഉറപ്പുള്ളതായിരിക്കും.

പ്രാർത്ഥനയുടെയും, ധർമ്മത്തിന്റെയും മതിൽ പണി ശ്രദ്ധിച്ച യഹോവ പത്രോസിനെ ആളയച്ചുവരുത്തുവാൻ നിർദ്ദേശം നൽകിയത് കൊർന്നല്യോസ് അനുസരിച്ചു. “ കർത്താവ് കല്പിച്ചതൊക്കെയും കേൾക്കുവാൻ ദൈവ മുമ്പാകെ ഒന്നിച്ചു കൂടിയ ഞങ്ങളോട് ദൂതറിയിക്കുക” എന്ന ഒരപേക്ഷ മാത്രമേ പത്രോസിനോട് കൊർന്നല്യോസ് ആവശ്യപ്പെട്ടുള്ളു. വചനം കേട്ട എല്ലാവരുടേയും മേൽ പരി

ശുദ്ധാത്മാവ് വന്നതിനാൽ യേശു ക്രിസ്തുവിന്റെ നാമത്തിൽ അവർ **സ്നാനം (വെള്ളത്തിന്റെ മതിൽ)** സ്വീകരിച്ചു. ദൈവചനത്തിൽ പരിശുദ്ധാത്മാവ് രേഖപ്പെടുത്തിയിരിക്കുന്ന മതിലാണ് **വെള്ളത്തിന്റെ മതിൽ അഥവാ സ്നാനം** എന്നത്. പുറ: (14:22) ൽ കാണുന്നത് സ്നാനത്തിന്റെ നിഴലാണ് (മുൻകുറി) എന്ന് 1 കൊരി: (10:1,2) ൽ പൗലോസ് പറയുന്നതായും കാണാം. ദൈവം ഒരുക്കിയിരിക്കുന്ന സ്നാനം എന്ന മതിലിന്റെ സംരക്ഷണം വേണമെന്നാഗ്രഹിക്കുന്നവർ ഭാഗ്യമുള്ളവരാണ്. ക്രിസ്തുവിനോട് ചേരുവാനുള്ളതാണ് സ്നാനം. ചേർന്നു നില്ക്കുന്നവർക്കു മാത്രമേ ആ മതിലിന്റെ സംരക്ഷണവും സുരക്ഷിതത്വവും ലഭ്യമാകുന്നുള്ളു. കൂടാതെ ഒരു ബാധയും അവരുടെ കൂടാരത്തോടും അടുക്കുന്നില്ല.

വളരെ ശ്രദ്ധയോടെ പണിയേണ്ടതാണ് പ്രാർത്ഥനയടെ മതിൽ. ദാനിയേലിന്റെ ജീവിതത്തേയും, ദിവസം മൂന്നുനേരം പതിവ് തെറ്റിക്കാതെ പ്രാർത്ഥിക്കുകയും ചെയ്തവന്റെ മതിൽ തകർക്കുവാൻ ദേശത്തെ പ്രമുഖർ ഒരു മുപ്പതു ദിവസ പ്രാർത്ഥനാ നിയമം കൊണ്ടുവന്നു. രാജ കല്പനപോലും ഭയക്കാത്തവൻ തന്റെ പതിവ് തുടർന്നു. ശത്രുവിന്റെ കയ്യിൽ നിന്ന് രക്ഷിപ്പാൻ അവനായി രക്ഷയുടെ മതിൽ ഉയർന്നു. അതേ ദൈവം ശത്രുവിനെ പുറം കാട്ടുമാറാക്കുന്നു. (2 ശമു: 22:41). ദൈവ സന്നിധിയിൽ മുട്ടുമടക്കി, സ്ത്രോതം ചെയ്തു, പ്രാർത്ഥിക്കുന്നവന്റെ മതിൽ പണി ഉയരുന്നത് സന്തോഷത്തോടെ നോക്കിയിരുന്ന ദൈവം രക്ഷയുടെ മതിലിനുള്ളിൽ തന്റെ മകനെ സൂക്ഷിച്ചു, ശത്രുവിനെ തകർത്തു. Read ദാനി: (16,22,23) പ്രീയരെ ! നമ്മുടെ രക്ഷയുടെ മതിൽ എപ്പോഴെങ്കിലും തകർന്നെങ്കിൽ അതിന് കാരണക്കാർ നാം തന്നെയാണ്.

പ്രാർത്ഥനയുടെയും, ധർമ്മത്തിന്റെയും, സ്നാനത്തിന്റെയും, രക്ഷയുടെയും മതിലുകൾ മനസ്സിലാക്കിയ നമുക്ക്, പൗലോസിന്റെയും, ശീലാസിന്റെയും കാരാഗൃഹ ജീവിതത്തിലെ ആരാധനയുടെയും സ്തുതിയുടെയും മതിലു പണിയെപ്പറ്റി ചിന്തിക്കാം അപ്പോ: പ്ര: (16:22-27). കഠിനമായ ശാരീരിക പീഡനം ഏറ്റ് കാരാഗൃഹത്തിൽ ആമത്തിൽ കിടക്കുമ്പോഴും അവർ പ്രാർത്ഥിച്ച് ദൈവത്തെ പാടി സ്തുതിച്ചു, മറ്റ് തടവുകാരും അത് ശ്രദ്ധിച്ചു. നമ്മുടെ കഷ്ടതയിൽ നാം പിറുപിറുക്കുന്നവരോ, അതോ ദൈവത്തെ പാടിസ്തുതിക്കുന്നവരോ? ആരാധിക്കുന്നവനെ പ്രതികൂലത്തിൽ നിന്ന് രക്ഷിപ്പാൻ ഭൂകമ്പം അയച്ചാലും മതിലിന് കുഴപ്പമില്ല, ആരാധിച്ചവന് വിടുതലുണ്ട്. ആരാധനയ്ക്കായി ഇറങ്ങുന്നവർ പണി തുടങ്ങുമ്പോൾ തടസ്സമായി ശത്രുകാണും, ചെങ്കടൽ, മാറാ, യോർദ്ദാൻ യെരിഹോ ഇങ്ങനെ പലതും വരും. പക്ഷെ ഭയപ്പെടാതെ വിശ്വാസത്തോടെ പണിതുടരുക അവൻ നിശ്ചയമായും പോറ്റി പുലർത്തും.

ഇന്നത്തെ ലോകത്തിന്റെ പോക്ക് നാശത്തിലേക്കാകയാൽ ഏറ്റവും ഉയരത്തിൽ ശ്രദ്ധയോടെ, മടികൂടാതെ പണിയേണ്ട മതിലാണ് വിലാപത്തിന്റെ മതിൽ, ഇന്ന് ഒരു

തരം ഭൂത ബാധ (ലഹരിമരുന്ന്, ചതിവ്, പണത്തോടുള്ള അമിതസ്നേഹം) സമൂഹത്തെ കഠിനമായി ബാധിച്ചിരിക്കുന്നു. മത്താ (15:22) ൽ നിലവിളിച്ച മാതാവിനെ പ്പോലെ യാമങ്ങൾ തോറും എഴുന്നേറ്റിരുന്ന് യഹോവയുടെ കരുണയ്ക്കായി പ്രാർത്ഥിക്കാം. നമ്മുടെ മക്കളുടെ തകർച്ചയ്ക്ക് നാം തന്നെയല്ലേ കാരണക്കാർ. അവരുടെ ആത്മീയവിശപ്പ് സഭയും കാണുന്നില്ല അപ്പംനുറുക്കാണോ വേണ്ടത്. അതോ മക്കൾ എന്ന പദവിക്കാർക്കുള്ള അപ്പമോ? വിശ്വാസത്തോടെ സമീപിച്ച സ്ത്രീയുടെ മകളുടെ ദൂതോപദ്രവം കഠിനമായത് മാറി. സഭയും, സമൂഹവും പ്രാർത്ഥനയാൽ രക്ഷപ്രാപിക്കുക.

പ്രിയരേ ! ഈ മതിലുകൾ ഉയർത്തുന്നത് ദൈവമുമ്പാകെ ആകയാൽ യെശ (49:15,16) ലെ (1) ഞാൻ നിന്നെ മറക്കുകയില്ല (2) ഞാൻ നിന്നെ ഉള്ളം കയ്യിൽ വരച്ചിരിക്കുന്നു എന്ന രണ്ട് വാഗ്ദാനങ്ങളും നമുക്ക് ലഭ്യമാകുന്നു. കർത്താവിനെ ഇന്ന് തന്നെ രക്ഷിതാവായി സ്വീകരിച്ച് ഇതുവരെ മതിൽ ഉയർത്താത്തവർ പണി ആരംഭിക്കുക. പണി തുടങ്ങിയവർ ഉറപ്പുള്ള മതിലായി പണികൾ ഇടയ്ക്ക് നിറുത്താതെ ശ്രദ്ധിക്കുക. അതിനായി ദൈവം കൃപ ചെയ്യട്ടെ.

Santhamma Varghese

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyid